മായി നടത്തുകയും അത് വാങ്ങി കൂടിക്കുകയും ചെയ്യുന്ന സാമൂഹ്യ വിരുദ്ധർ എന്ന പദം ഞാൻ ചേർക്കുന്നില്ലെങ്കിലും കുറെ ആളുകൾ, ആ പ്രദേശത്ത് സമാധാനമായി ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകൾക്ക് ഭീഷണിയായി വന്നിരിക്കുകയാണ്. ഗവൺമെന്റ് ഉണർന്ന് പ്രവർത്തിച്ചിട്ടില്ലെന്നു ഞാൻ പറയുന്നില്ല. കുറെ ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. എങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആ പ്രദേശത്തെ സമാധാനം ആഗ്രഹിക്കുന്ന ആളുകളുടെ ജീവിതത്തിന് വലിയ ഭീഷണിയായി വരുന്ന ഇത്തരം സാമൂഹ്യ വിരുദ്ധർ എന്നു പറയുന്നത് ശരിയല്ലെങ്കിലും സാമൂഹ്യ ജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന ആളുകളെ അമർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് കർക്കശമായ നടപടികളെടുപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, അവിടെ കള്ളച്ചാരായ വിൽപ്പന നടത്തുന്ന ചില സാമൂഹ്യ വിരുദ്ധരുണ്ടാക്കിയിട്ടുള്ള ഒരു സംഘർഷം കുറച്ചു ദിവസം നിലനിൽക്കുകയുണ്ടായി. രണ്ടു വിഭാഗങ്ങൾ തമ്മിൽ ചേരിതിരിയാനിടയായി. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് നാലു കേസെടുക്കുകയും പ്രതികളിൽ കുറെ പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ ഊർജിത നടപടികളും സ്വീകരിട്ടുണ്ട്. മാത്രമല്ല 107-ാം വകുപ്പനുസരിച്ച് കരുതൽ നടപടി എന്ന നിലയിലും കുറേപ്പേരുടെ പേരിൽ നടപടി സ്വീകരിക്കുന്നുണ്ട്. അവിടെയാതൊരു വിധമായ സാമൂഹ്യ വിരുദ്ധ പ്രവർത്തനവും അനുവദിക്കുന്നതല്ല. അതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(5) തിരുവല്ല ട്രാൻസ്പോർട്ട് ഡിപ്പോയിലെ ഷെഡ്യൂൾ നിറുത്തലാക്കൽ

ശ്രീ. പി. സി. തോമസ് (തിരുവല്ല): സർ, എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും തിരക്കുള്ള ഒരു ട്രാൻസ്പോർട്ട് ഡിപ്പോയാണ് തിരുവല്ല. ഈ അടുത്ത കാലത്ത് അവിടെ 18 ഷെഡ്യൂളുകൾ ഒറ്റയടിക്ക് നിറുത്തലാക്കി. പൊതുജനങ്ങൾ സമരത്തിലിറങ്ങി ബസുകൾ പിക്കറ്റു ചെയ്തു. ബസ് നിറുത്തലാക്കിയതിനെപ്പറ്റി വകുപ്പുമന്ത്രിക്കും മാനേജിംഗ് ഡയറക്ടർക്കും യാതൊരറിവുമില്ലെന്നാണ് അവർ പറയുന്നത്. സമരത്തെത്തുടർന്ന് എട്ടു ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ നിർദ്ദേശം ലഭിച്ചു. എന്നാൽ അതിനുള്ള ബസുകൾ എത്തിച്ചേർന്നില്ല എന്നുള്ളത് നിർഭാഗ്യകരമാണ്. തിരുവല്ല വർക്ക്ഷോപ്പിൽ ഒൻപതു ബസുകൾ കട്ടപ്പുറത്തിരിക്കുകയാണ്. ഓടുന്ന വണ്ടികൾ പലതും കണ്ടീഷനിൽ അല്ല. തിരുവല്ല ഡിപ്പോയ്ക്ക് ഒരു പുതിയ ബസുപോലും കഴിഞ്ഞ വർഷത്തിൽ ലഭിച്ചിട്ടില്ല. തിരുവല്ലായിൽ നിന്നും റീ കണ്ടീഷൻ ചെയ്യാൻ തിരുവനന്തപുരത്തു കൊണ്ടുപോയ ആറു ബസുകൾ സിറ്റിബസുകളായി ഓടുകയാണ്. ഒരു എക്സ്പ്രസ് ബസോ ഒരു ഇൻറർസ്റ്റേറ്റ് ബസോ തിരുവല്ല സിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നില്ല. വളരാൻ കൊതിക്കുന്ന തിരുവല്ലായെ തളർത്തുന്ന നടപടികളാണ് കെ. എസ്. ആർ. ടി. സി അടുത്ത കാലത്തായി ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്നെല്ലാം തിരുവല്ലായെ ഒരു സബ് ഡിപ്പോയുടെ സ്ഥാനത്തേക്ക് തരം താഴ്ത്താനുള്ള ബോധപൂർവമായ നീക്കങ്ങൾ അധികാരികൾ എടുക്കുന്നതായി ജനങ്ങൾക്കു തോന്നുന്നുണ്ട്. തിരുവല്ലായിൽ നിന്ന് കിഴക്കൻ പ്രദേശങ്ങളായ കോഴഞ്ചേരി, ചുങ്കപ്പാറ, മല്ലപ്പള്ളി തുടങ്ങിയ ഭാഗങ്ങളിലേക്ക് ലാഭകരമായി ഓടിക്കൊണ്ടിരുന്ന ഷെഡ്യൂളുകളാണ് ഫെബ്രുവരി 21-ാം തീയതി നിറുത്തലാക്കിയത്. പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറെ അറ്റത്തു കിടക്കുന്ന കാർഷികപ്രാധാന്യമുള്ള നെടുമ്പുറം, നിരണം

LIBRARY ARCHIVES Kerala Legislative Assembly

മുതലായ സ്ഥലങ്ങളിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്ക് പോകാൻ ഒരു ബസുപോലും അനുവദിച്ചിട്ടില്ല. തിരുവല്ലയോടുള്ള കടുത്ത അവഗണന അവസാനിപ്പിക്കണം. കാൻസൽ ചെയ്ത എല്ലാ ഷെഡ്യൂളുകളും പുനരാരംഭിക്കണം. റിപ്പയറിംഗിനു കൊണ്ടുപോയിട്ടുള്ള ബസുകൾ തിരിച്ചു ലഭ്യമാക്കണം. പോരായ്മകൾ പരിഹരിക്കുവാൻ പുതിയ ബസുകൾ അനുവദിക്കണം. അങ്ങനെ തിരുവല്ലയിലെ പൊതുജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശത്തിനു സത്വരപരിഹാരം കാണണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതേ സബ്മിഷൻ കഴിഞ്ഞ അസംബ്ളിയിൽ 9-7-1985-ൽ അവതരിപ്പിച്ചതാണ്. അതിന് ഉറപ്പുകൾ നൽകിയെങ്കിലും അത് പാലിച്ചില്ല. അതിന് പരിഹാരം കണ്ടെത്തണം. ഇതിന് വെറുതെ മറുപടി കിട്ടിയതുകൊണ്ടുമാത്രം പ്രയോജനമില്ല. അതുകൊണ്ടു ഞാൻ മറുപടി പ്രതീക്ഷിക്കുന്നില്ല.

മി. സ്പീക്കർ : മെമ്പർമാർക്കു തോന്നുമ്പോൾ മറുപടി പറയിക്കാനും പറയിക്കാതിരിക്കാനും പറ്റുകയില്ല.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ടയറുകളുടേയും സ്പെയർപാർട്ടുകളുടേയും ദൗർലഭ്യം മൂലം എല്ലാ ബസുകളും സർവ്വീസിന് ലഭ്യമാക്കാൻ സാധിക്കാതെവന്നതുകൊണ്ട് തിരുവല്ലയിലും പരിസരപ്രദേശങ്ങളിലും യാത്രക്കാർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ പ്രസ്തുത പ്രദേശത്തുള്ള യാത്രാക്ലേശം കണക്കിലെടുത്തുകൊണ്ട് കൂടുതൽ ബസുകൾ, ടയറുകൾ, സ്പെയർപാർട്ടുകൾ മുതലായവ അടിയന്തിരമായി നൽകുവാനും എല്ലാ ബസുകളും റോഡിലിറക്കി കൃത്യമായി സർവ്വീസ് നടത്താനും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്. ആർ.ടി. സി. യുടെ തിരുവല്ല ഡിപ്പോയിൽ ഇപ്പോൾ 62 ഷെഡ്യൂളുകളാണ് നിലവിലുള്ളത് നാലഞ്ചു ബസുകൾ അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിൽ കിടക്കുന്നതുകൊണ്ട് കൃത്യമായി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഡിപ്പോ ഒരു സബ്ഡിപ്പോ ആക്കുന്ന കാര്യം ഗവൺമെന്റോ കോർപ്പറേഷനോ പരിഗണിച്ചിട്ടില്ല. ഒരിക്കലും ഡിപ്പോ സബ് ഡിപ്പോ ആക്കുകയില്ല.

മി. സ്പീക്കർ : തിരുവല്ലായ്ക്ക് ശാപമോക്ഷം കിട്ടാനുള്ള നടപടികളായിട്ടുണ്ട്.

(6) നെയ്യാറിൻകരയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസ് സ്ഥാപിക്കണമെന്ന ആവശ്യം

10. AM.]

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, നെയ്യാറിൻകര താലൂക്കിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കണമെന്നുള്ള ജനങ്ങളുടെ ആഗ്രഹം സാധിച്ചുതരണമെന്ന് വകുപ്പു മന്ത്രിയോടപേക്ഷിക്കുവാൻ ഞാനീസന്ദർഭം വിനിയോഗിക്കുന്നു. കേരളസംസ്ഥാനത്തിന്റെ ഏറ്റവും തെക്കേയറ്റത്തുള്ള ഒരു താലൂക്കാണിത്. കരമന പാലം മുതൽ തമിഴ്നാടുവരെയും അറബ്യൻ സമുദ്രം മുതൽ സഹ്യാദ്രിവരെയും വ്യാപിച്ചു കിടക്കുന്ന ഒരു ഭൂപ്രദേശമാണിത്. ഇവിടെ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ സ്ഥാപിക്കണമെന്ന ആവശ്യം ജനങ്ങൾ ഉന്നയിച്ചത് 1968-ലാണ്. 1968-മുതൽ നാളിതുവരെയും വകുപ്പു മന്ത്രിമാർ ആദ്യമായി ഇനി അടുത്ത് സ്ഥാപിക്കുന്നത് നെയ്യാറിൻകര താലൂക്കിലായിരിക്കുമെന്ന് ഉറപ്പു തന്നിട്ടുണ്ട്. അതിനുശേഷം ഇവിടത്തെ ക്കാൾ വളരെക്കുറച്ച് ഉപഭോക്താക്കളുള്ള നെടുമങ്ങാട്ടും ആറ്റിങ്ങലിലും സ്ഥാപിച്ചു. നെയ്യാറിൻകരയിൽ ഇപ്പോൾ ഏതാണ്ട് 75,000 കൺസ്യൂമേഴ്സും 75,000 അപേക്ഷകരും ഉണ്ട്. ഇത്രയും ആളുകളുടെ സൗക

LIBRARY ARCHIVES Kerala Legislative Assembly